**File No.LSGD-IB2/69/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിലയിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നവരിൽ പത്ത് വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരെ അവർ നിലവിൽ ജോലി ചെയ്തു വരുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(കൈ) നം.201/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/12/2020

---

പരാമർശം:- 1 17.12.2019-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

2 കില ഡയറക്ടർ ജനറലിന്റെ 19.05.2020, 01.07.2020 എന്നീ തീയതികളിലെ കുറിപ്പ്.

3 കില ഡയറക്ടർ ജനറലിന്റെ 02.06.2020, 09.09.2020 എന്നീ തീയതികളിലെ 2019/101/5965/HQ നമ്പർ കത്തുകൾ.

**ഉത്തരവ്**

കിലയിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന പത്ത് ജീവനക്കാരെ അതത് തസ്തികകളിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരാമർശം (1)-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി പരിഗണിക്കുകയും സർക്കാർ നിർദേശത്തിനനുസരിച്ച് മാത്രം ടി ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന ജീവനക്കാരുടെ പട്ടിക സഹിതമുള്ള പ്രൊപ്പോസൽ കില ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

| ക്രമ. നം. | ജീവനക്കാരുടെ പേര് | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ശ്രീ. വിനോദ് കുമാർ സി. | ലക്ച്ചറർ ഇൻ റൂറൽ എക്കണോമിക്സ് (മുൻപ് ഫാക്കൽറ്റിഇൻ റൂറൽ എക്കണോമിക്സ്) | 1 | Rs.36,600 - 79,200/- |
| 2 | 1. ശ്രീമതി. ബിന്ദു.വി.കെ.<br>2. ശ്രീമതി. രജനി.എം.എൻ. | അസിസ്റ്റന്റ് ഗ്രേഡ് (മുൻപ് ക്ലാർക്ക് ) | 2 | Rs.19,000 - 43,600/- |

**File No.LSGD-IB2/69/2020-LSGD**

| | | | | |
|---|---|---|---|---|
| 3 | 1. ശ്രീമതി. ശ്രീലത. എസ്.<br>2. ശ്രീ.ജിറ്റോ പി. ജോർജ്ജ്<br>3. ശ്രീമതി. വരദ കുമാരി എൽ. | ഡി. റ്റി. പി. ഓപ്പറേറ്റർ | 3 | Rs.19,000 - 43,600 |
| 4 | 1. ശ്രീമതി. മല്ലിക.കെ. എസ്.<br>2. ശ്രീമതി. ദീപ. പി.ബി. | മൾട്ടി ടാസ്ക് വർക്കർ (മുൻപ് ഖലാസി ) | 2 | Rs.16,500 - 35,700 |
| 5 | ശ്രീ. ജയകുമാർ. കെ. | മൾട്ടി ടാസ്ക് വർക്കർ (മുൻപ് ഹോസ്റ്റൽ ബോയ് ) | 1 | Rs.16,500 - 35,700 |
| 6 | ശ്രീ. സുരേഷ് കുമാർ. എസ്. | മൾട്ടി ടാസ്ക് വർക്കർ (മുൻപ് മെസ് ക്ലീനർ ) | 1 | Rs.16,500 - 35,700 |

(2) കില സെൽഫ് ഫൈനാൻസിങ് മോഡിൽ (self financing mode) പ്രവർത്തിക്കുന്ന സ്ഥാപനം ആയതിനാൽ ജീവനക്കാർക്ക് കിലയിൽ നിന്നാണ് ശമ്പളം നൽകുന്നതെന്നും നിലവിലുള്ള കരാർ / ദിവസ വേതനക്കാർക്ക് സ്ഥിരം തസ്തികയിലേക്ക് നിയമനം നല്കുമ്പോൾ സംസ്ഥാന സർക്കാരിന് യാതൊരു പുതിയ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നില്ലെന്നും പരാമർശം (2), (3) പ്രകാരം കില ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരുന്നു. റെഗുലറൈസേഷന് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള പത്ത് ജീവനക്കാരും കിലയിലെ അനുവദിക്കപ്പെട്ട തസ്തികകളിൽ, യോഗ്യതാ പരിശോധനകൾ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച്, അതതുകാലത്തെ നിയമനാധികാരികളാൽ നിയമിക്കപ്പെട്ടിട്ടുള്ളവരായതിനാലും ഇവരുടെ നിയമനത്തിന് കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും, താത്കാലിക ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുമ്പോൾ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ലെന്നും പരാമർശം (2)-ലെ 01.07.2020-ലെ കുറിപ്പ് പ്രകാരം കില ഡയറക്ടർ ജനറൽ അറിയിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന മേൽ പട്ടിക പ്രകാരമുള്ള ജീവനക്കാരിൽ, പത്ത് വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരെ അവർ നിലവിൽ ജോലി ചെയ്യുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ.

**File No.LSGD-IB2/69/2020-LSGD**

ബന്ധപ്പെട്ട ജീവനക്കാർക്ക് (കില ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ.) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം
നിയമ വകുപ്പ് (12.08.2020-ലെ 10512/ഉപദേശ-ഡി-3/2020/നിയമം പ്രകാരം)
ധനകാര്യ (ഡെവലപ്മെന്റ് വിങ്ങ്) വകുപ്പ് (Dev-1/153/2020-Fin dt. 28.10.2020 പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ് (24.12.2020-ലെ ഐറ്റം നമ്പർ 4441 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-12-2020**

ഫയൽ നം. തസ്വഭവ-ഐ.ബി.2/69/2020-തസ്വഭവ. ഇനം നം: 4441

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കിലയിലെ താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : പത്ത് വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്താമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

24/12/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

4441

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രി സഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | തസ്വഭവ-ഐബി2/69/2020-തസ്വഭവ |
| 2 | വകുപ്പ് | തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ് |
| 3 | വിഷയം | കിലയിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി: | 28.11.2020 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ. |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | യു.വി.ജോസ് |
| 8 | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശാരദാ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.12.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23 .12.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | എ.സി. മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.12.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.12.2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കിലയിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന 10 ജീവനക്കാരെ നിലവിൽ ജോലി ചെയ്തുവരുന്ന തസ്തികകകളിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

**2)** കിലയിൽ വർഷങ്ങളായി കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന 10 ജീവനക്കാരെ അതത് തസ്തികകളിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം 17.12.2019-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി പരിഗണിക്കുകയും സർക്കാർ നിർദേശത്തിനനുസരിച്ച് മാത്രം ടി ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പത്ത് വർഷത്തെ സേവനം പൂർത്തീകരിച്ചവരെ സ്ഥിരപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ കില ഡയറക്ടർ ജനറൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ജീവനക്കാരുടെ പേര് | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ശ്രീ. വിനോദ് കുമാർ സി. | ലക്ച്ചറർ ഇൻ റൂറൽ എക്കണോമിക്സ് (മുൻപ് ഫാക്കൽറ്റിഇൻ റൂറൽ എക്കണോമിക്സ്) | 1 | Rs.36,600 – 79,200/- |
| 2 | 1. ശ്രീമതി. ബിന്ദു.വി.കെ.<br>2. ശ്രീമതി. രജനി.എം.എൻ. | അസിസ്റ്റന്റ് ഗ്രേഡ് (മുൻപ് ക്ലാർക്ക് ) | 2 | Rs.19,000 – 43,600/- |
| 3 | 1. ശ്രീമതി. ശ്രീലത. എസ്.<br>2. ശ്രീ.ജിറ്റോ പി. ജോർജ്ജ്<br>3. ശ്രീമതി. വരദ കുമാരി എൽ. | ഡി. റ്റി. പി. ഓപ്പറേറ്റർ | 3 | Rs.19,000 – 43,600 |

| | | | | |
|---|---|---|---|---|
| 4 | 1. ശ്രീമതി. മല്ലിക,കെ .എസ്.<br>2. ശ്രീമതി. ദീപ. പി.ബി. | മൾട്ടി ടാസ്ക് വർക്കർ (മുൻപ് ഖലാസി ) | 2 | Rs.16,500 – 35,700 |
| 5 | ശ്രീ. ജയകുമാർ. കെ. | മൾട്ടി ടാസ്ക് വർക്കർ (മുൻപ് ഹോസ്റ്റൽ ബോയ് ) | 1 | Rs.16,500 – 35,700 |
| 6 | ശ്രീ. സുരേഷ് കുമാർ. എസ്. | മൾട്ടി ടാസ്ക് വർക്കർ (മുൻപ് മെസ് ക്ലീനർ ) | 1 | Rs.16,500 – 35,700 |

**3)** കില സെൽഫ് ഫൈനാൻസിങ് മോഡിൽ (self financing mode) പ്രവർത്തിക്കുന്ന സ്ഥാപനം ആയതിനാൽ ജീവനക്കാർക്ക് കിലയിൽ നിന്നാണ് ശമ്പളം നൽകുന്നതെന്നും നിലവിലുള്ള കരാർ / ദിവസ വേതനക്കാരെ സ്ഥിരം തസ്തികയിലേക്ക് നിയമനം നല്കമ്പോൾ സംസ്ഥാന സർക്കാരിന് യാതൊരു പുതിയ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നില്ലെന്നും കില ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4)** ഈ വിഷയത്തിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ പ്രസ്തുത വകുപ്പ്. താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ബഹു സുപ്രീം കോടതിയുടെ ഭരണ ഘടനാ ബഞ്ച് State of Karnataka Vs Umadevi (AIR 2006 SC 1806) എന്ന കേസിൽ, താത്കാലികാടിസ്ഥാനത്തിൽ / കരാർ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച വ്യക്തമായ മാനദണ്ഡവും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതും, ആയതിന്റെ വെളിച്ചത്തിൽ നിയമ വകുപ്പിൽ നിന്നും നൽകിയ അഭിപ്രായം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി 2661/Exp.A1/15/Fin നമ്പർ കുറിപ്പ് പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കുലേറ്റ് ചെയ്തിരുന്നതുമാണ്. പ്രസ്തുത വിധിയിലെ മാനദണ്ഡം പ്രകാരം വിധിന്യായം പുറപ്പെടുവിച്ച് 10.04.2006 ൽ താത്കാലികാടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നവരും Sanctioned Post –ൽ 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരുമായ ജീവനക്കാരെ ഒറ്റ തവണ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തി ക്രമീകരിക്കുന്നതിന് മാത്രമാണ് കോടതി അനുമതി നൽകിയിരുന്നത്. തുടർന്ന് ബഹു. സുപ്രീംകോടതി ഡിവിഷൻ ബെഞ്ച് Upendra Singh V State of Bihar & Ors (AIR 2018 SC1315)

എന്ന കേസിൽ 23.12.2018-ൽ പുറപ്പെടുവിച്ച വിധിയിൽ ടി Uma Devi കേസിലെ വിധിയെ ശരിവെയ്ക്കുകയും ഇപ്രകാരം വിധി പ്രസ്താവിക്കുകയും ചെയ്തു.

*"Law pertaining to regularisation has now been authoritatively determined by a Constitution Bench judgement of this court in secretary, State of Karnataka & Ors Vs Uma Devi & Ors 2006 (4) SCC(l). On the application of law laid down in that case, it is clear that the question of regularisation of daily wager appointed contrarary to law does not arise."*

ബഹു. സുപ്രീംകോടതിയുടെ മേൽ പരാമർശ വിധിയിൽ, പാറ്റ്നാ ഹൈക്കോടതിയുടെ മറ്റൊരു വിധിയുടെ, [Ram Sewak Yadav Vs State of Bihar & Ors, 2013] പ്രസക്ത ഭാഗങ്ങൾ കൂടി ഉദ്ധരിച്ചുകൊണ്ടാണ് വിധി വന്നിട്ടുള്ളത്. ആയതിനാൽ Upendra Singh കേസിലെ വിധി ബഹു സുപ്രീംകോടതിയുടെ ഭരണ ഘടനാ ബഞ്ചിന്റെ Uma Devi കേസിലെ വിധിയുടെ അന്തസത്ത ഉൾക്കൊള്ളുന്നതാണെന്നും, അത് ഉമാദേവി കേസിലെ വിധിയെ മറികടക്കുന്നതല്ലെന്നും മേൽ പരാമർശിച്ച കോടതി വിധികളുടെ പശ്ചാത്തലത്തിൽ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച നിർദ്ദേശം നിയമപരമല്ലെന്നും ഭരണ വകുപ്പിനെ അറിയിക്കാം."

**5)** ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു;

"കിലയിൽ വർഷങ്ങളായി ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 11 ജീവനക്കാർ State of Karnataka VS Umadevi & Others കോസിലെ വിധിന്യായത്തിൽ പറയുന്ന നിബന്ധനകൾ പ്രകാരം അർഹരാണോയെന്ന് പരിശോധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം സഹിതം ഉന്നതതല ശുപാർശയോടെ ടി വിഷയം കൈകാര്യം ചെയ്യുന്ന main file അടിയന്തിരമായി പുനഃസമർപ്പിക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.

നിബന്ധനകൾ

1. താത്കാലിക നിയമം ലഭിച്ചവർ duly qualified ആയിരിക്കണം.
2. താത്കാലിക നിയമനം Sancioned post-കളിൽ ആയിരിക്കണം.
3. അവർ സർവ്വീസിൽ 10 വർഷം തുടർച്ചയായി break ഇല്ലാതെ പ്രവർത്തിച്ചിരിക്കണം
4. അത്തരത്തിലുള്ള 10 വർഷ സർവ്വീസ് കോടതി ഉത്തരവുകളുടെ ബലത്തിലായിരിക്കരുത്.
5. ഇത്തരത്തിൽ നിയമനം ലഭിച്ചവർ 10.04.2006 നുള്ളിലെങ്കിലും കുറഞ്ഞത് 10 വർഷം സർവ്വീസ് പൂർത്തിയായിരിക്കണം. അതായത് നിയമനം 10.04.1996 ന് മുമ്പായിരിക്കണം.
6. ഇത്തരത്തിൽ നിയമനം ലഭിച്ചവരുടെ റഗുലറൈസേഷൻ സംസ്ഥാന സർക്കാരുകൾ 10.04.2006 ന് 6 മാസത്തിനുള്ളിൽ തയ്യാറാക്കിയ സ്കീം പ്രകാരമായിരിക്കണം. അല്ലാത്ത പക്ഷം റഗുലറൈസേഷൻ നിയമവിരുദ്ധമായിരിക്കും.

7. ഈ റഗുലറൈസേഷൻ ഒരു തവണത്തേക്ക് മാത്രമുള്ളതും അത് പിന്നീട് തുടരാൻ പാടില്ലാത്തതുമാണ്."

**6)** ആയതിന്മേൽ, കില ഡയറക്ടർ ജനറൽ ലഭ്യമാക്കിയ വിശദീകരണം സഹിതം ഫയൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു. മന്ത്രി താഴെപ്പറയും പ്രകാരം ഉത്തരവായി.

"കില ഡയറക്ടറുടെ 01/07/2020 ലെ കുറിപ്പ് പ്രകാരം, റെഗുലറൈസേഷന് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള 10 ജീവനക്കാരും കിലയിലെ അനുവദിക്കപ്പെട്ട തസ്തികകളിൽ, യോഗ്യതാ പരിശോധനകൾ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച്, അതതുകാലത്തെ നിയമനാധികാരികളാൽ നിയമിക്കപ്പെട്ടിട്ടുള്ളവരാണ്. നിയമനങ്ങൾക്ക് കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും, കിലയിൽ പത്തുവർഷത്തിലധികം സേവനം പൂർത്തിയാക്കിയിട്ടുള്ള മേൽ പറഞ്ഞ 10 താത്കാലിക ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുമ്പോൾ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല എന്നതിനാലും, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അനുമതി തേടുന്നതിനായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ പുനഃസമർപ്പിക്കുക."

**7)** അതിന്റെ അടിസ്ഥാനത്തിൽ, ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"കിലയിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന 10 ജീവനക്കാർ State of Karnataka VS Umadevi & Others കേസിലെ വിധിന്യായത്തിൽ പറയുന്ന നിബന്ധനകൾ പ്രകാരം അർഹരല്ലാത്തതിനാൽ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. സ്ഥിരനിയമനം നൽകുന്ന വിഷയം ഭരണ വകുപ്പിനാവശ്യമെങ്കിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്നും കൂടി അറിയിക്കുന്നു."

**8)** ഇതിനിടയിൽ, മറ്റൊരു ഫയലിൽ (LSGD-IB2/145/2019-LSGD) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ശ്രീമതി. ബിന്ദു വി.കെ. മുതൽപ്പേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No. 10016/2019 കേസിലെ ബഹു. ഹൈക്കോടതിയുടെ 01.04.2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത ജീവനക്കാരെ കേൾക്കുകയും ടി ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം 17.08.2020-ലെ സ.ഉ. (എം.എസ്.) നം. 120/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

9) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് ശേഷം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

കിലയിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന മുൻ ഖണ്ഡിക 2-ലെ പട്ടിക പ്രകാരമുള്ള 10 ജീവനക്കാരെ അവർ നിലവിൽ ജോലി ചെയ്തുവരുന്ന തസ്തികകളിൽ സ്ഥിരപ്പെടുത്താമോ ?